ഭക്ഷ്യ പരിശോധനയ്ക്ക് വിലക്ക്

36(2504) ഡോ. ടി. എം. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറിപ്പൊടികളിലെ മായം കണ്ടെത്തുന്നതിനുള്ള പരിശോധനയ്ക്ക് തുടർച്ച ഇല്ലാതായതിന്റെ കാരണം എന്തായിരുന്നു;

(ബി) സംസ്ഥാനത്ത് എത്ര ബ്രാൻഡുകളിലായി കറിപ്പൊടികൾ വിറ്റഴിക്കപ്പെടുന്നുണ്ട്; ഇവയിൽ ഏതെല്ലാം ബ്രാൻഡുകളിലുള്ള കറിപ്പൊടികളാണ് ഈ വർഷം പരിശോധിച്ചിട്ടുള്ളത്; വൻതോതിൽ വിറ്റഴിക്കപ്പെടുന്ന മറ്റ് ബ്രാൻഡുകളിലെ കറിപ്പൊടികൾ പരിശോധനയ്ക്ക് വിധേയമാക്കാതിരുന്നതിന്റെ കാരണം എന്തായിരുന്നു;

(സി) തദ്ദേശഭരണ തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ ഭക്ഷ്യ പരിശോധനയ്ക്ക് വിലക്ക് ഏർപ്പെടുത്തിക്കൊണ്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് അനൗദ്യോഗികമായി നിർദ്ദേശം നൽകുകയുണ്ടായോ; എങ്കിൽ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ ലാബുകളിൽ കറിപൗഡറുകളിലെ മായം കണ്ടെത്തുന്നതിനുള്ള പരിശോധനയ്ക്ക് ലഭ്യമായിട്ടുള്ള എല്ലാ സാമ്പിളുകളും കൃത്യമായി പരിശോധന നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വൻതോതിൽ വിറ്റഴിക്കപ്പെടുന്ന എല്ലാ പ്രമുഖ ബ്രാൻഡുകളിലേയും കറിപൗഡറുകളുടെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഈസ്റ്റേൺ, നിറപറ, കിച്ചൻ ട്രഷേഴ്സ്, പ്രിയം, ഡബിൾഹോഴ്സ്, പുലരി, സാറാസ്, ബ്രാഹ്മിൻസ്, മേളം, കൗള, മാസ്റ്റർകുക്ക്, എൻ.എസ്., എൽ.ഒ.-35, പി.എം.പി, ക്വാളിറ്റി, പൊന്നൂസ്, ഭാഗിനി നികേതൻ, മിസ്റ്റർ ഷെഫ് കിച്ചൻ മാജിക് എന്നീ ബ്രാൻഡുകളുടെ കറിപൗഡറുകൾ ഈ വർഷം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. വിവിധ ബ്രാൻഡുകളിലായി സംസ്ഥാനത്ത് വിപണിയിലുള്ള കറിപൗഡറുകളുടെ കൃത്യമായ വിവരം ശേഖരിച്ചുവരുന്നു.

(സി) നല്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly